LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ&ബി) കർഷക തൊഴിലാളി ക്ഷേമനിധിയിൽ തൊഴിലാളികളുടെ അംശദായം നിലവിലുള്ള 5 രൂപയിൽ നിന്നും 10 രൂപയായി വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശം ബോർഡിൽ നിന്നും ലഭിച്ചിട്ടുണ്ട്. കൂടാതെ ബോർഡിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി 1/2 ഹെക്ടർ മുതൽ 1 ഹെക്ടർ വരെ കൃഷി ഭൂമി കൈവശമുള്ളവർ പ്രതിവർഷം 10 രൂപയും ഒരു ഹെക്ടറിന് മുകളിൽ ഓരോ ഹെക്ടറിനും അതിന്റെ ഭാഗത്തിനും 15 രൂപയും ഭൂവുടമാവിഹിതമായി ക്ഷേമനിധിയിലേക്ക് അടയ്ക്കണമെന്ന വ്യവസ്ഥ ഭേദഗതി ചെയ്തുകൊണ്ട് ഓർഡിനൻസ് പുറപ്പെടുവിച്ചിട്ടുണ്ട്. ഭേദഗതിപ്രകാരം 40 ആറിനു മുകളിൽ കൃഷിഭൂമികൈവശമുള്ളവർ ഓരോ ആറിനും 25 പൈസ നിരക്കിൽ ഭൂവുടമാ വിഹിതം അടയ്ക്കണം. കൂടാതെ തൊഴിലാളികളിൽ നിന്നും പിരിച്ചെടുക്കുന്ന അംശദായ തുകയ്ക്ക് തുല്യമായ തുക സർക്കാർ ഗ്രാന്റായി അനുവദിക്കുന്നതാണെന്നും ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

അന്യസംസ്ഥാന തൊഴിലാളികൾക്ക് ക്ഷേമനിധി

48 (5453) ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എ. പി. അനിൽകുമാർ :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ വന്ന് പണിയെടുക്കുന്ന തൊഴിലാളികൾക്കായി ഏർപ്പെടുത്തിയ ക്ഷേമനിധിയിലൂടെ എന്തൊക്കെ സഹായങ്ങൾ ലഭ്യമാക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്;

(ബി) ഈ ക്ഷേമനിധിയിൽ അന്യസംസ്ഥാനത്തു നിന്നുള്ള എത്ര തൊഴിലാളികൾ അംഗങ്ങളാകുമെന്നാണ് കണക്കാക്കുന്നത് ;

(സി) കുറഞ്ഞത് എത്രകാലം കേരളത്തിൽ തൊഴിൽ എടുക്കുന്ന തൊഴിലാളികൾക്കാണ് ഇതിന്റെ പ്രയോജനം ലഭ്യമാക്കുന്നത് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കേരളത്തിൽ ജോലി ചെയ്തുവരുന്ന അന്യസംസ്ഥാന തൊഴിലാളികൾക്ക് സാമൂഹിക സുരക്ഷ നൽകുന്നതിനായുള്ള 2010-ലെ കേരള കുടിയേറ്റ തൊഴിലാളി ക്ഷേമ പദ്ധതി, കേരള ബിൽഡിംഗ് ആന്റ് അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ ബോർഡ് മുഖാന്തിരമാണ് നടപ്പിലാക്കുന്നത്. ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന തൊഴിലാളികൾക്ക് ചികിത്സാ ധനസഹായം, ആശ്വാസധനസഹായം, അംഗത്വം നിലനിൽക്കെ മരണമടയുന്ന അംഗത്തിന്റെ ആശ്രിതർക്ക് ധനസഹായം, മരണമടഞ്ഞ തൊഴിലാളിയുടെ ഭൗതിക ശരീരം നാട്ടിലെത്തിക്കുന്നതിന് ധനസഹായം,

ഒരു വർഷത്തിൽ കുറയാത്ത കാലം അംഗത്വം നിലനിർത്തിയിട്ടുള്ള അംഗത്തിന്റെ മക്കൾക്ക് വിദ്യാഭ്യാസത്തിന് ഗ്രാന്റ്, 5 വർഷത്തിൽ കുറയാത്ത കാലം അംശദായം അടച്ച് തൊഴിൽ അവസാനിപ്പിക്കുന്നവർക്ക് ടെർമിനൽ ബെനിഫിറ്റ് എന്നിവ ലഭിക്കുന്നതാണ്.

(ബി) കേരളത്തിൽ ജോലി ചെയ്യുന്ന എല്ലാ അന്യസംസ്ഥാന തൊഴിലാളികളേയും പദ്ധതിയിൽ രജിസ്ററർ ചെയ്ത് അംഗങ്ങളാക്കുക എന്നതാണ് മേൽ പദ്ധതി പ്രകാരം ഉദ്ദേശിക്കുന്നത്. രജിസ്ട്രേഷൻ പൂർത്തിയാകുന്നതനുസരിച്ച് മാത്രമേ തൊഴിലാളികളുടെ എണ്ണം കൃത്യമായി അറിയാൻ കഴിയുകയുള്ളൂ.

(സി) പദ്ധതി പ്രാബല്യത്തിൽ വന്ന തീയതിയ്ക്കു മുൻപ് (2010 മാർച്ച് 29-ന് മുൻപ്) ഒരു മാസമോ അതിൽ കൂടുതൽ കാലമോ അല്ലെങ്കിൽ പദ്ധതി പ്രാബല്യത്തിൽ വന്നശേഷം ഒരു മാസക്കാലം പൂർത്തിയാകുന്ന മുറയ്ക്കോ കുടിയേറ്റതൊഴിലാളിയായി ജോലി ചെയ്തു വരുന്ന 18 വയസ്സ് പൂർത്തിയായതും എന്നാൽ 60 വയസ്സ് പൂർത്തിയാകാത്തതുമായ അന്യസംസ്ഥാന കുടിയേറ്റ തൊഴിലാളികൾക്ക് ഈ പദ്ധതിയിൽ പേര് രജിസ്റ്റർ ചെയ്ത് അംഗമായി പദ്ധതി വിഭാവനം ചെയ്യുന്ന ആനുകൂല്യങ്ങൾക്ക് അർഹരാകാവുന്നതാണ്.

സെക്യൂരിറ്റി ജീവനക്കാർക്ക് ക്ഷേമനിധി

49 (5454) ശ്രീ. ബാബു. എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വകാര്യ സെക്യൂരിറ്റി ജീവനക്കാർക്ക് ക്ഷേമനിധി പെൻഷൻ തുടങ്ങിയ ആനുകൂല്യങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്ദേശമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ക്ഷേമനിധി രൂപീകരിക്കുന്നതു ഇപ്പോൾ പരിഗണനയിലില്ല.

കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് പിരിഞ്ഞു കിട്ടാനുള്ള തുക

50 (5455) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡിന് കെട്ടിട നിർമ്മാണ മേഖലയിൽ നിന്നും എത്ര കോടി രൂപ പിരിഞ്ഞു കിട്ടാനുണ്ടെന്ന് വ്യക്തമാക്കുമോ ; നികുതി പിരിവിന്റെ താരിഫ് എങ്ങനെയെന്ന് വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly